പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3888

15.12.2014-ൽ മറുപടിക്ക്.

# അരൂരിൽ ഫയർ സ്റ്റേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എം. ആരിഫ് | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും സീഡ്സ് എക്സ്പോർട്ട് മേഖലയിലുമായി അടിക്കടിയുണ്ടാകുന്ന അപകടങ്ങളിൽ രക്ഷാപ്രവർത്തനത്തിന് എറണാകുളത്തു നിന്നും ചേർത്തലയിൽ നിന്നും ഫയർഫോഴ്സ് എത്തുമ്പോഴേക്കും നാശനഷ്ടങ്ങൾ ഒരുപാടുണ്ടാകുന്നത് പരിഗണിച്ച് അരൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ജനകീയ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | (എ) അരൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനായി സ്ഥലം കണ്ടെത്തുന്നതിന് എം.പി, എം.എൽ.എ, ജില്ലാ കളക്ടർ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ജില്ലാ കളക്ട്രേറ്റിൽ ചേർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : | (ബി) 18.09.2014 ന് യോഗം ചേർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ആയത് പ്രകാരം നിർദ്ദേശിക്കപ്പെട്ട സ്ഥലം ബിഎസ്എൻഎൽ- കെഎസ്ഇബിക്ക് ജില്ലാ വ്യവസായ കേന്ദ്രം അലോട്ട് ചെയ്തിരുന്നതും എന്നാൽ ഉപയോഗിക്കാതിരിക്കുകയും ചെയ്തതിനാൽ അത് റസ്യൂം ചെയ്ത അനസ് എന്ന വ്യവസായിയ്ക്ക് നൽകിയിരുന്നതും, ഈ വ്യവസായി പൊതു ആവശ്യത്തിനായി ഈ സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്ന് യോഗത്തിൽ സമ്മതിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) പ്രസ്തുത സ്ഥലം ആവശ്യപ്പെട്ട് ഫയർഫോഴ്സ് ജില്ലാ വ്യവസായ കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപേക്ഷ നൽകുവാൻ നടപടി സ്വീകരിക്കുമോ; അവിടെ ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | : | (സി & ഡി) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ തന്നെ ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലം ഒഴിഞ്ഞ് കിടപ്പുണ്ടെന്ന് പ്രസ്തുത യോഗത്തിൽ അഭിപ്രായം ഉയർന്നിട്ടുണ്ട്. സ്ഥലം വിട്ടുനൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ, അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥലം സംബന്ധിച്ച് വിശദമായി പരിശോധിച്ചുവരുന്നു. പരിശോധനയിൽ ഫയർ സ്റ്റേഷന് അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ അപേക്ഷ വ്യവസായവകുപ്പിന് സമർപ്പിക്കുന്നതാണ്. നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ